**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7052 02/11/2011 ൽ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ

ചോദ്യം

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. കെ. മുരളീധരൻ
ശ്രീ. വി.ഡി. സതീശൻ

മറുപടി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്പോർട്ട്സ് -ഗെയിംസ് രംഗങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സ്പോർട്ട്സ് -ഗെയിംസ് രംഗങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്കൂളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, റസ്‌ലിംഗ്, തായ്ക്കോണ്ടോ മുതലായ കായിക ഇനങ്ങളിൽ സ്പോർട്സ് കൗൺസിലിൽ നിന്നുള്ള വിദഗ്ദർ പരിശീലനം നൽകി വരുന്നു. കൂടാതെ സ്പോർട്സ് രംഗങ്ങളിൽ മികവു പുലർത്തുന്ന കായിക താരങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ ധന സഹായവും നൽകി വരുന്നുണ്ട്. |
| (ബി) | എതെല്ലാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത്; | (ബി) | 5 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കൂൾ മുഖേനയുള്ള പ്രയോജനം ലഭിക്കുന്നത്. |
| (സി) | അതിനായി നടത്തിവരുന്ന മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവണ്മെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും, പട്ടികജാതി വിദ്യാർത്ഥികളുടെ സ്പോർട്സ്- ഗെയിംസ് രംഗങ്ങളിലെ നിലവാരമുയർത്തുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സ്കൂളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂം, ഫിറ്റ്നസ് സെന്റർ, അനലൈസിംഗ് ലാബ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് സ്കൂളിന്റെ ഭരണപരമായ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനായി സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഒരു ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ